ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29.10.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ആരോഗ്യ സംരക്ഷണത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനാണ് സർക്കാരിൻറെ മുൻഗണനയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. 12,850 കോടി രൂപയുടെ ആരോഗ്യ പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കമിട്ടു.

   **Prime Minister Narendra Modi said that the priority of the government is to increase the infrastructure for healthcare.Prime Minister launched health schemes worth Rs 12,850 crore.**

2. ബഹിരാകാശം മുതൽ ഇലക്ട്രിക് വാഹനങ്ങൾ വരെയുള്ള മേഖലകളിൽ മേക്ക് ഇൻ ഇന്ത്യ ആശയത്തെ പ്രോത്സാഹിപ്പിക്കുമെന്ന് പ്രധാനമന്ത്രി. റോസ്ഗാർ മേളയുടെ ഭാഗമായി 51,000 നിയമന ഉത്തരവുകൾ അദ്ദേഹം വിതരണം ചെയ്തു.

   **The Prime Minister will promote the Make in India concept in sectors ranging from space to electric vehicles. He distributed 51,000 appointment orders as part of the Rozgar Mela.**

3. ഇന്ത്യയുടെ തന്ത്രപരമായ നിലപാടുകൾ രൂപപ്പെടുത്തുന്നതിൽ സാങ്കേതിക പുരോഗതിയുടെ പങ്ക് സുപ്രധാനമെന്ന് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ.

   **External Affairs Minister S Jaishankar said that the role of technological advancement is important in shaping India's strategic posture.**

4. കേരളത്തിൽ ഉപതിരഞ്ഞെടുപ്പിനുള്ള നാമ നിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി നാളെ അവസാനിക്കും.

   **The deadline for withdrawing nomination papers for by-elections in Kerala ends tomorrow.**

5. കാസർകോട് വെടിക്കെട്ട് അപകടത്തിൽ പോലീസ്, എഡിഎം തലങ്ങളിൽ അന്വേഷണം നടക്കുന്നതായി മന്ത്രി കെ. രാജൻ. പരിക്കേറ്റവർക്ക് സർക്കാരിന്റെ പൂർണ പിന്തുണയെന്നും മന്ത്രി.

**Minister K Rajan said that an investigation is underway at the police and ADM levels in the Kasaragod fireworks accident.The minister also extended the government's full support to the injured.**

6. ന്യൂസിലാൻഡിനെതിരായ വനിതാ ഏകദിന ക്രിക്കറ്റ് മത്സരത്തിൽ ഇന്ത്യക്ക് 233 റൺസ് വിജയലക്ഷ്യം

**India set a target of 233 runs in Women's ODI against New Zealand.**

&&&&&&&&&&&&&&&&&&

## PREZ- ARTISTS

മനുഷ്യരും പ്രകൃതിയും തമ്മിലുള്ള ശാശ്വതമായ ബന്ധമാണ് കരകൗശല വിദ്യകളിലൂടെ പ്രതിഫലിക്കുന്നതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ആർട്ടിസ്റ്റ്-ഇൻ-റെസിഡൻസി സംരംഭമായ ശ്രീജൻ 2024-ന്റെ ഭാഗമായി രാഷ്ട്രപതി ഭവനിൽ ഒരുക്കിയ പ്രദർശനം വീക്ഷിക്കുകയായിരുന്നു ശ്രീമതി മുർമു. ഈ മാസം 21 മുതൽ രാഷ്ട്രപതി ഭവനിൽ താമസിച്ചാണ് കലാകാരന്മാരുടെ സംഘം പരമ്പരാഗത കലാരൂപങ്ങൾ ഉൾപ്പടെ തയ്യാറാക്കിയത്.

&&&&&&&&&&&&&&&&&&

## HEAD LINE – 1

## DAY PM - AYURVEDA (INTRO)

പൗരന്മാർ ആരോഗ്യവാന്മാരാകുമ്പോൾ രാജ്യത്തിൻ്റെ പുരോഗതി ത്വരിതഗതിയിലാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ആരോഗ്യ സംരക്ഷണ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതാണ് സർക്കാരിൻ്റെ മുൻഗണനയെന്നും ശ്രീ. മോദി പറഞ്ഞു. ധന്വന്തരി ജയന്തിയും ഒൻപതാമത് ആയുർവേദ ദിനവും പ്രമാണിച്ച് 12,850 കോടി രൂപയുടെ ആരോഗ്യ പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജനയുടെ ഭാഗമായി 70 വയസ്സിന് മുകളിൽ പ്രായമുള്ള പൗരന്മാർക്ക് സൗജന്യ ചികിൽസ ലഭ്യമാക്കുന്ന ആയുഷ്മാൻ വയ വന്ദന കാർഡ് പദ്ധതിക്കും പ്രധാനമന്ത്രി തുടക്കം കുറിച്ചു. പൗരന്മാരുടെ ക്ഷേമത്തിന് മുൻഗണന നൽകി അഞ്ച് അടിസ്ഥാന ഘടകങ്ങൾ

ഉൾപ്പെടുത്തിയുള്ള ആരോഗ്യ നയമാണ് സർക്കാർ പിന്തുടരുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.
(ഹോൾഡ്)
80 ശതമാനം വിലക്കിഴിവിൽ മരുന്നുകൾ ലഭ്യമാകുന്ന 14,000 പ്രധാനമന്ത്രി ജൻ ഔഷധി കേന്ദ്രങ്ങൾ രാജ്യത്തുടനീളം ആരംഭിക്കുന്ന കാര്യവും പ്രധാനമന്ത്രി പരാമർശിച്ചു. 150 ലധികം രാജ്യങ്ങളിൽ ആയുർവേദ ദിനം ആചരിക്കുന്നത് രാജ്യത്തിന് സന്തോഷം നൽകുന്ന കാര്യമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

**PM - AYURVEDA 2**

ശാസ്ത്രീയ പഠനങ്ങളിലൂടെ പരമ്പരാഗത ഔഷധങ്ങളെ സാധൂകരിക്കേണ്ടതുണ്ടെന്ന് പറഞ്ഞ പ്രധാനമന്ത്രി, ആയുഷിൻ്റെ വിജയം ആരോഗ്യമേഖലയെ മാത്രമല്ല സമ്പദ്‌വ്യവസ്ഥയെയും മാറ്റിമറിക്കുന്നുണ്ടെന്ന് വ്യക്തമാക്കി. ആയുഷ് നിർമ്മാണ മേഖല 2014-ലെ മൂന്ന് ബില്യൺ ഡോളറിൽ നിന്ന് ഏകദേശം 24 ബില്യൺ ഡോളറായി വളർന്നതായും പ്രധാനമന്ത്രി പറഞ്ഞു. യുവാക്കൾക്ക് പുതിയ അവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് തൊള്ളായിരത്തിലധികം ആയുഷ് സ്റ്റാർട്ടപ്പുകൾ ഇന്ത്യയിൽ ഇപ്പോൾ പ്രവർത്തനക്ഷമമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇന്ന് ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ ഇന്ത്യയിലെ ആദ്യ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദയുടെ രണ്ടാം ഘട്ടവും, മധ്യപ്രദേശിലെ മൂന്ന് മെഡിക്കൽ കോളേജുകളും, വിവിധ സംസ്ഥാനങ്ങളിലെ എയിംസുകളിൽ ജൻ ഔഷധി കേന്ദ്രമുൾപ്പെടെയുള്ള സൗകര്യങ്ങളും സേവന വിപുലീകരണങ്ങളും, പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&&&&&&&

## HEAD LINE – 2

**PM ROZGAR MELA**

ബഹിരാകാശ മേഖല മുതൽ ഇലക്ട്രിക് വാഹനങ്ങൾ വരെയുള്ള എല്ലാ മേഖലകളിലും കേന്ദ്ര സർക്കാർ മേക്ക് ഇൻ ഇന്ത്യ

ആശയത്തെ പ്രോത്സാഹിപ്പിക്കുകയും സ്വാശ്രയ ഇന്ത്യക്കായി പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കേന്ദ്രസർക്കാർ ജോലികളിൽ പ്രവേശനം നേടിയ 51,000 യുവജനങ്ങൾക്ക് റോസ്ഗാർ മേളയുടെ ഭാഗമായി നിയമന ഉത്തരവുകൾ വിതരണം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. യുവജനങ്ങൾക്ക് തൊഴിൽ അവസരങ്ങൾ ഉറപ്പുവരുത്തുന്നതിൽ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

രാജ്യത്തെ 40 കേന്ദ്രങ്ങളിലാണ് ഇന്ന് റോസ്ഗാർ മേള നടന്നത്. പുതുതായി നിയമിതരായവർക്ക് കർമ്മയോഗി പോർട്ട മുഖേന അടിസ്ഥാന പരിശീലനം ഉറപ്പു വരുത്തും.

&&&&&&&&&&&&&&&&&&

## ROZGAR MELA – KERALA

യുവാക്കൾക്ക് തൊഴിൽ നൽകി ശക്തവും സമൃദ്ധവുമായ ഇന്ത്യ കെട്ടിപ്പടുക്കുകയാണ് കേന്ദ്ര സർക്കാരിന്റെ ലക്ഷ്യമെന്ന് കേന്ദ്രമന്ത്രി ചിരാഗ് പാസ്വാൻ. ദേശീയ തല റോസ്ഗാർ മേളയുടെ ഭാഗമായി തപാൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച തൊഴിൽ മേളയിൽ പങ്കെടുക്കുകയായിരുന്നു കേന്ദ്രമന്ത്രി. പുതുതായി നിയമിതരായവർക്ക് അദ്ദേഹം നിയമന ഉത്തരവുകൾ കൈമാറി. കൊച്ചിയിൽ നടന്ന റോസ്ഗാർ മേളയിൽ കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## PM GUJRAT VISIT

പ്രധാനമന്ത്രി നരേന്ദ്രമോദി നാളെയും മറ്റന്നാളും ഗുജറാത്ത് സന്ദർശിക്കും. നാളെ കെവാഡിയയിലെ ഏക്താ നഗറിൽ 280 കോടിയിലധികം വരുന്ന വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും അദ്ദേഹം നിർവഹിക്കും. 99-ാമത് കോമൺ ഫൗണ്ടേഷൻ കോഴ്സ് – ആരംഭ് 6.0 – യിലെ ഓഫീസർ ട്രെയിനികളെ പ്രധാനമന്ത്രി നാളെ അഭിസംബോധന ചെയ്യും. മറ്റന്നാൾ രാവിലെ ഏകതാ

പ്രതിമയിൽ പുഷ്പാർച്ചന നടത്തുന്ന പ്രധാനമന്ത്രി രാഷ്ട്രീയ ഏകതാ ദിവസ് ആഘോഷങ്ങളിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## HEAD LINE – 3

## JAISHANKAR-ARMY CONFERENCE

കരസേനാ കമാൻഡർമാരുടെ സമ്മേളനത്തിൻ്റെ രണ്ടാം ഘട്ടം ന്യൂഡൽഹിയിൽ ഇന്ന് സമാപിച്ചു. വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കർ സമ്മേളനത്തെ അഭിസംബോധന ചെയ്തു. ഇന്ത്യയുടെ തന്ത്രപരമായ നിലപാടുകൾ രൂപപ്പെടുത്തുന്നതിൽ സാങ്കേതിക പുരോഗതിയുടെ പ്രാധാന്യവും, ആഗോള സംഘർഷങ്ങളിൽ നിന്നുള്ള പാഠങ്ങളും വഹിക്കുന്ന പങ്ക്, ശ്രീ. ജയശങ്കർ എടുത്തുകാട്ടി. ഉയർന്നുവരുന്ന വെല്ലുവിളികളെ നേരിടാനുള്ള പ്രവർത്തന സന്നദ്ധതയുടെ ആവശ്യകത സംയുക്ത സൈനിക മേധാവി ജനറൽ അനിൽ ചൗഹാൻ എടുത്തു പറഞ്ഞു.

&&&&&&&&&&&&&&&&&&

## SWAVALAMBAN DELHI (INTRO)

പ്രതിരോധരംഗത്ത് നിരവധി പുതിയ ആശയങ്ങൾ മുന്നോട്ടു വയ്ക്കാൻ സ്റ്റാർട്ടപ്പുകൾക്കും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും കഴിയുന്നതായി നാവികസേനാ വൈസ് അഡ്മിറൽ തരുൺ സോബ്തി. ന്യൂഡൽഹിയിൽ നടന്ന സ്വാവലംബൻ 2024 പ്രദർശനങ്ങൾ വീക്ഷിച്ച ശേഷം ആകാശവാണി വാർത്തകളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

( വോയിസ് )

രാജ്യത്തെ യുവസംരംഭകരിൽ നിന്നുള്ള നൂതനാശയങ്ങൾ പ്രദർശിപ്പിക്കാനും നാവികസേനയും വിവിധ വ്യവസായ പങ്കാളികളും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്താനും ലക്ഷ്യമിട്ടാണ് പരിപാടി സംഘടിപ്പിച്ചത്.

&&&&&&&&&&&&&&&&&&

## HEAD LINE – 6

## IND NZ WOMEN CRICKET

ന്യൂസിലാൻഡിനെതിരായ വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ മൂന്നാമത്തെ മത്സരത്തിൽ ഇന്ത്യക്ക് 233 റൺസ്

വിജയലക്ഷ്യം. ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത ന്യൂസിലാൻഡ് നിശ്ചിത ഓവറിൽ 232 റൺസെടുത്തു. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യ, ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ 29 ഓവറിൽ 2 വിക്കറ്റ് നഷ്ടത്തിൽ 135 റൺസ് എടുത്തിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## ELECTION JH MH

മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പിനും, ഝാർഖണ്ഡ് രണ്ടാം ഘട്ട തിരഞ്ഞെടുപ്പിനും നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള സമയപരിധി ഇന്ന് അവസാനിച്ചു. മഹാരാഷ്ട്രയിലെ 288 മണ്ഡലങ്ങളിലാണ് നവംബർ 20 ന് ഒറ്റഘട്ടമായി വോട്ടെടുപ്പ് നടക്കുന്നത്. ഝാർഖണ്ഡിൽ 43 മണ്ഡലങ്ങളിലേക്കുള്ള ആദ്യഘട്ട വോട്ടെടുപ്പ് 13 നും 38 മണ്ഡലങ്ങളിൽ 20 ന് രണ്ടാംഘട്ട വോട്ടെടുപ്പും നടക്കും. നാളെയാണ് പത്രികകളുടെ സൂക്ഷ്മപരിശോധന. ഝാർഖണ്ഡിൽ നവംബർ 1 വരെയും മഹാരാഷ്ട്രയിൽ നവംബർ 4 വരെയും നാമനിർദ്ദേശ പത്രിക പിൻവലിക്കാം. അടുത്ത മാസം 23 നാണ് വോട്ടെണ്ണൽ.

&&&&&&&&&&&&&&&&&&

## HEAD LINE – 4

## KERALA ELECTION

കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട് ലോക്സഭാ മണ്ഡലത്തിലും, പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങളിലും നാമ നിർദ്ദേശ പത്രിക പിൻവലിക്കാനുള്ള അവസാന തീയതി നാളെ അവസാനിക്കും. ഇന്നലെ പത്രികകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയായപ്പോൾ മൂന്ന് മണ്ഡലങ്ങളിലുമായി 35 പത്രികകളാണ് സ്വീകരിച്ചത്. അതേസമയം, മണ്ഡലങ്ങളിൽ മുന്നണികൾ പ്രചാരണം സജീവമായി തുടരുകയാണ്. അടുത്ത മാസം 13-നാണ് വോട്ടെടുപ്പ്.

&&&&&&&&&&&&&&&&&&

## HEAD LINE – 5

## **KASARGOD – EXPLOSION**

കാസർകോട് നീലേശ്വരം വെടിക്കെട്ട് അപകടത്തിൽ പോലീസ്, എഡിഎം തലങ്ങളിൽ അന്വേഷണം നടക്കുന്നതായി മന്ത്രി കെ രാജൻ അറിയിച്ചു. പരിക്കേറ്റ് ആശുപത്രിയിൽ കഴിയുന്നവരുടെ ബന്ധുക്കളെ കണ്ട അദ്ദേഹം സർക്കാരിന്റെ പൂർണ പിന്തുണ അറിയിച്ചു. അപകടത്തിൽ പരിക്കേറ്റ് 101 പേർ വിവിധ ആശുപത്രികളിലായി ചികിത്സയിലാണെന്ന് മന്ത്രി പറഞ്ഞു. ഇതിൽ 80 പേർ വാർഡുകളിലും 21 പേർ ഐസിയുവിലുമാണ്. ആശുപത്രിയിലെ പ്രത്യേക മെഡിക്കൽ സംഘവുമായി കൂടിയാലോചന നടത്തിയതായും മന്ത്രി പറഞ്ഞു. ഐസിയുവിൽ ഉള്ളവരിൽ ഒരാളുടെ നില ഗുരുതരമാണ്. ഏഴുപേർ വെൻറിലേറ്ററിലാണ്. അതേസമയം സംഭവത്തിൽ ക്ഷേത്ര ഭാരവാഹികൾക്കെതിരെ പൊലീസ് കേസെടുത്തു.

&&&&&&&&&&&&&&&&&&

## **P P DIVYA**

എ.ഡി.എം നവീൻ ബാബുവിൻറെ മരണവുമായി ബന്ധപ്പെട്ട കേസിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡണ്ട് പി.പി ദിവ്യയെ കോടതി രണ്ടാഴ്ചത്തേക്ക് റിമാൻഡ് ചെയ്തു. ഇന്ന് വൈകിട്ടാണ് ദിവ്യയുടെ അറസ്റ്റ് പോലീസു രേഖപ്പെടുത്തിയത്, ദിവ്യയെ പള്ളിക്കുന്നിലെ സെൻട്രൽ ജയിലിനോട് ചേർന്ന് വനിതാ ജയിലിലേക്ക് മാറ്റും. കണ്ണൂർ ജില്ലാ ആശുപത്രിയിൽ വൈദ്യ പരിശോധനയ്ക്ക് വിധേയമാക്കിയതിനു ശേഷമാണ് ദിവ്യയെ മജിസ്ട്രേറ്റിനു മുന്നിൽ ഹാജരാക്കിയത്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&